Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്ക്, കോറോം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വേ 32/1 pt-യിൽപ്പെട്ട 2.5375 ഹെക്ടർ ഭൂമിയും റീ സർവ്വേ 33/1 pt-യിൽപ്പെട്ട 2.5560 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 5.0935 ഹെക്ടർ ഭൂമി കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ റീജിയണൽ കാമ്പസ് സെന്റർ തുടങ്ങുന്നതിനായി കേരള ഭൂപരിഷ്കരണ നിയമം 96 (1 A) സീലിങ് റൂൾ 32 എന്നിവ പ്രകാരം പൊതു ആവശ്യത്തിലേയ്ക്ക് മാറ്റി സ്റ്റേറ്റ് ലാന്റ് ബോർഡിന്റെ ഉത്തരവായിട്ടുണ്ട്. മിച്ചഭൂമിയായതിനാൽ പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൊതു ആവശ്യത്തിലേക്ക് നീക്കിവച്ച ഭൂമി കൈമാറിക്കിട്ടുന്നതിനായി യൂണിവേഴ്സിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

**പ്രൊഫഷണൽ നാടകങ്ങളുമായി ബന്ധപ്പെട്ട ആധികാരിക രേഖ**

359(1105) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ നിയന്ത്രണത്തിലുള്ള അക്കാഡമികളിൽ പ്രൊഫഷണൽ നാടകങ്ങളെക്കുറിച്ചും ഇതിലെ കലാകാരൻമാർ, അണിയറ പ്രവർത്തകർ എന്നിവരെക്കുറിച്ചുമുള്ള ആധികാരിക രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത രേഖകൾ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ ഇത്തരമൊരു ആധികാരിക രേഖ തയ്യാറാക്കിയിട്ടില്ല. വരും വർഷങ്ങളിൽ സാധ്യമാകുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

**സിനിമ മേഖലയിലെ തർക്കപരിഹാരത്തിന് നിയമനിർമ്മാണം**

360(1106) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമ മേഖലയിലെ തർക്കപരിഹാരത്തിനായി നിയമനിർമ്മാണം നടത്തണമെന്ന ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. സിനിമാ റെഗുലേറ്ററി അതോറിറ്റി/സിനിമ മേഖലയിലെ തർക്ക പരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.